**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **02-02-2023 - ൽ മറുപടിയ്ക്ക്**

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു എന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കിൻഫ്ര ഉൾപ്പെടെ 24 സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം പ്രവർത്തന ലാഭം നേടിയിട്ടുണ്ട്.** |
| (ബി) | പുതിയതായി എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ; | (ബി) | **പൊതുമേഖലയിൽ റബ്ബർ അടിസ്ഥാനമാക്കിയുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സിയാൽ മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന്റെ ഭാഗമായി 'കേരള റബർ ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്ത് നടപടികൾ ആരംഭിച്ചിട്ടുണ്ട്.**<br><br>**കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 'കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്" എന്ന പേരിൽ പുനർനാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.** |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ അറ്റാദായത്തിൽ നിന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ച ലാഭം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) | വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് 2021-22 ലെ പ്രവർത്തന ലാഭവിഹിതം നൽകുന്നതിന്റെ ഭാഗമായി 9.27 കോടി രൂപ ഇടക്കാല ലാഭവിഹിതമായി സർക്കാരിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ